# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *84 — 7.2.2013-ലെ മറുപടിക്ക്

## അനാരോഗ്യം സൃഷ്ടിക്കുന്നതിൽ മദ്യത്തിനുള്ള പങ്ക്

**ചോദ്യം**

ശ്രീ. പി.കെ. ബഷീർ
ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി
ശ്രീ. സി. മമ്മുട്ടി
ശ്രീ. പി.ബി. അബ്ദുൾ റസാക്

**ഉത്തരം**

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്തെ ആരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സ തേടിയെത്തുന്നവരിൽ, രോഗഹേതുവായ ഘടകങ്ങളിൽ, മദ്യത്തിനുള്ള പങ്കിനെക്കുറിച്ച് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം ഇപ്പോൾ നിലവിലുണ്ടോ;

എ) ആരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സ തേടിയെത്തുന്നവരിൽ, രോഗത്തെക്കുറിച്ചുള്ള വിവരങ്ങൾ ആരായുന്നതിന്റെ ഭാഗമായി ഡോക്ടർമാർ മദ്യപാനശീലത്തെക്കുറിച്ചുള്ള വിവരങ്ങൾ ആരായുകയും അതനുസരിച്ച് ആവശ്യമായ കൗൺസിലിംഗ് നൽകുകയും ചെയ്യാറുണ്ട്. ആരോഗ്യവകുപ്പ് നടത്തി വരുന്ന ആരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി മദ്യത്തിന്റെ ദോഷവശങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താറുണ്ട്. ആരോഗ്യ വകുപ്പ് വഴി അടുത്തയിടെ നടപ്പിലാക്കാനാരംഭിച്ച ജീവിതശൈലീ രോഗ നിയന്ത്രണ പരിപാടിയുടെ ഭാഗമായും ഈ പ്രവർത്തനങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകുന്നുണ്ട്. രോഗഹേതുവായ ഘടകങ്ങളിൽ മദ്യത്തിനുള്ള പങ്കിനെക്കുറിച്ച് പരിശോധിക്കാൻ ആരോഗ്യ വകുപ്പിൽ മറ്റ് സംവിധാനങ്ങളൊന്നും നിലവിലില്ല.

ബി) അനാരോഗ്യം സൃഷ്ടിക്കുന്നതിൽ മദ്യത്തിനുള്ള പങ്കിനെക്കുറിച്ചുള്ള പഠനം രോഗികളിൽ എപ്പോഴെങ്കിലും നടത്തിയിട്ടുണ്ടോ; എങ്കിൽ, അതു സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുമോ;

സി) ഈ വിഷയത്തിൽ സംസ്ഥാനത്തെ സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളിലുൾപ്പെടെ സമഗ്രമായ ഒരു പഠനം ഒരു കാലപരിധിക്കുള്ളിൽ നടത്തുകയും, ശേഖരിക്കുന്ന വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുമോ?

ബി) & സി) ആരോഗ്യ വകുപ്പ് വഴി ഇത് സംബന്ധിച്ച പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ